കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-എച്ച്.എസ്.എ ഫിസിക്കൽ സയൻസ് യോഗ്യതയിൽ ബി.എസ്.സി ഇൻഡസ്ട്രിയൽ കെമിസ്ട്രി വൊക്കേഷണൽ തത്തുല്യയോഗ്യതയായി കൂട്ടി ചേർത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ(കൈ) നം.157/16/പൊവിവ തീയതി, തിരുവനന്തപുരം.20/09/2016

---

പരാമർശം:- (1). സ.ഉ (കൈ) നം.141/88/പൊവിവ തീയതി 13/09/88

(2). സ.ഉ (കൈ) നം. 195/96/പൊവിവ തീയതി 2/7/1996.

(3). 8/6/12 ലെ OA No.243/12 മേലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി

(4) 05/05/2016 ലെ കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷന്റെ നം.A II (1) 1498/13/GW നമ്പർ കത്ത്

**ഉത്തരവ്**

സൂചന (1), (2) എന്നിവ പ്രകാരം ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത ഫിസിക്സ്/കെമിസ്ട്രി എന്നിവയിലുള്ള ബിരുദം അല്ലെങ്കിൽ ജിയോളജി ഐച്ഛിക വിഷയമായും, ഫിസിക്സ്/കെമിസ്ട്രി എന്നിവ ഉപവിഷയങ്ങളായുള്ള ബിരുദവും, ഫിസിക്കൽ സയൻസിലുള്ള ബി.എഡുമാണ്. ബി.എസ്.സി (ഇൻഡസ്ട്രിയൽ കെമിസ്ട്രി - വൊക്കേഷണൽ കോഴ്സ്) ബി.എസ്.സി കെമിസ്ട്രി ബിരുദത്തിന് തുല്യമായതിനാൽ എച്ച്.എസ്.എ ഫിസിക്കൽ സയൻസ് നിയമനത്തിനുള്ള യോഗ്യതയിൽ ബി.എസ്.സി ഇൻഡസ്ട്രിയൽ കെമിസ്ട്രി കൂടി ഉൾപ്പെടുത്താവുന്നതാണെന്ന നിർദ്ദേശം സൂചന (3) പ്രകാരം കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, എച്ച്.എസ്.എ ഫിസിക്കൽ സയൻസ് നിയമനത്തിനുള്ള അടിസ്ഥാനയോഗ്യതയിൽ ബി.എസ്.സി (ഇൻഡസ്ട്രിയൽ കെമിസ്ട്രി

വൊക്കേഷണൽ), ഫിസിക്കൽ സയൻസിലുള്ള ബി.എഡും കൂടി തത്തുല്യയോഗ്യതയായി കണക്കാക്കി ഉത്തരവാകുകയും ചെയ്യുന്നു.

തദനുസരണമായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ആർ. കുമാർ
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസഡയറക്ടർ,തിരുവനന്തപുരം
ഡയറക്ടർ, എസ്,സി.ഇ.ആർറ്റി, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
(ആമുഖ കത്ത് മുഖേന)
എല്ലാഡെപ്യൂട്ടിഡയറക്ടർമാർക്കും/ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ